## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1378** **19-06-2024 - ൽ മറുപടിയ്ക്ക്**

## കുട്ടനാട്ടിലെ ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | **ഹൗസ് ബോട്ട് ടെർമിനൽ, നൈറ്റ് ഹാൾട്ട് സെന്റർ, കായലോരങ്ങളിൽ നടപ്പാത തുടങ്ങി കുട്ടനാട്ടിലെ കായൽ ടൂറിസം മേഖലയെ ശക്തിപ്പെടുത്താനുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.**<br><br>**ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി കുട്ടനാട് മേഖലയിൽ വിവിധ ഹൗസ് ബോട്ട് ടെർമിനലുകളുടെ നിർമാണം പൂർത്തിയാക്കി.**<br><br>**കൈനകരി, വട്ടക്കായൽ ടെർമിനൽ കേന്ദ്രീകരിച്ച് സാഹസിക വിനോദ പദ്ധതികൾ നടപ്പാക്കാനും നടപടികൾ പുരോഗമിക്കുന്നുണ്ട്.**<br><br>**കായൽ ടൂറിസം മേഖലയിലേക്കു സംരംഭകരെ ആകർഷിക്കാനും സുരക്ഷാ ക്രമീകരണം അടക്കം ഏർപ്പെടുത്താനും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി (KATPS) വഴി പരിശീലനം നൽകാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.** |
| (ബി) | കായൽ ടൂറിസം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) | ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ സംസ്കരണം പോലെ കായൽ ടൂറിസം നേരിടുന്ന പ്രധാന വെല്ലുവിളികൾ പരിഹരിക്കാൻ ആലപ്പുഴ എച്ച് ബ്ലോക്കിലെയും വട്ടക്കായലിലെയും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STP) വീണ്ടും പ്രവർത്തനക്ഷമമാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ഒപ്പം സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ ഇരുമ്പനം പാടശേഖരത്തിൽ പുതിയ STP സ്ഥാപിക്കാനുള്ള നടപടികളും പുരോഗതിയിലാണ്. |
| (സി) | കായൽ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ ലോകത്തിന് മുന്നിൽ പ്രചരിപ്പിക്കുന്നതിന് വിപുലമായ പ്രചാരണ പരിപാടികൾ നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (സി) | കായൽ ടൂറിസത്തിന്റെ സാധ്യതകൾ അവതരിപ്പിക്കാനായി വിവിധ രാജ്യാന്തര വ്യാപാര മേളകളിലും ബിസിനസ് ടു ബിസിനസ് (B2B) മീറ്റുകളിലും ബ്രോഷറുകളിലൂടെയും വിഡിയോ ചിത്രങ്ങളിലൂടെയും ഹൗസ് ബോട്ടുകൾ പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ, ഹൗസ് ബോട്ടുകളും |

| | | | |
|---|---|---|---|
| | | | കായൽ ഭംഗിയുമൊക്കെ അവതരിപ്പിക്കുന്ന വീഡിയോകൾക്ക് നവമാധ്യമങ്ങളിലും പ്രചാരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ